KERALA INFRASTRUCTURE AND TECHNOLOGY FOR EDUCATION
PRESENTS

# നീർമാതളം

## ഡിജിറ്റൽ മാഗസിൻ



**ലിറ്റിൽ കൈറ്റ്സ് യൂണിറ്റ്**

**ഗോഖലെ ഗവഃ ഹയർ സെക്കൻഡറി സ്കൂൾ**

# ആമുഖം

പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി പൊതുവിദ്യാലയങ്ങളെ അന്തർദേശീയ നിലവാരത്തിലേക്ക് ഉയർത്തുന്നതിനായി നമ്മുടെ വിദ്യാലയത്തില് ഹൈടെക് ക്ലാസ് മുറികൾ സജ്ജമാക്കി. ആധുനിക സാങ്കേതിക വിദ്യയിൽ അധിഷ്ഠിതമായി സ്ക ൂളുകളുടെ ഭൗതിക സാഹചര്യങ്ങൾ വർദ്ധിപ്പിച്ച് പഠനാന്തരീക്ഷം മെച്ചപ്പെടുത്തുകയാണ് ഹൈടെക് ക്ലാസ് മുറികൾ കൊണ്ട് ഉദ്ദേശിക്കുന്നത്.

ഇത്തരം ഹൈടെക് ക്ലാസ് മുറികളുടെ പരിപാലനം, സൈബർസുരക്ഷ, ബോധവൽക്കരണം, വിദ്യാലയങ്ങളിലെ, ഹാർഡ്വയർ പരിപാലനം, കമ്പ്യൂട്ടർ പരിശീലനം തുടങ്ങിയവ ലക്ഷ്യമാക്കി കേരളത്തിലെ വിദ്യാലയങ്ങളിൽ ലിറ്റിൽ കൈറ്റ്സ് ഐടി ക്ലബ്ബുകൾക്ക് ആരംഭം കുറിച്ചു.

കല്ലടത്തൂർ ഗോഖലെ ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂളിലെ ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ തയ്യാറാക്കിയ ഡിജിറ്റൽ മാഗസിനാണിത്. ഇതിലേക്ക് ആവശ്യമായ സൃഷ്ടികൾ തന്നത് നമ്മുടെ കൂട്ടുകാരായ വിദ്യാർഥികളാണ് . നമ്മുടെ അധ്യാപകരുടെ നിർദേശങ്ങൾ ഇതിന് വളരെ അധികം സഹായകമായിട്ടുണ്ട്. തുടർന്നും സഹകരിക്കു മെന്ന പ്രതീക്ഷയോടെ തണലുതന്ന എല്ലാ തണൽമരങ്ങൾക്ക് നന്ദി രേഖപ്പെടുത്തുന്നു.

# മാഗസിൻ സമിതി

## ഉപദേശക സമിതി :

രാമകൃഷ്ണൻ പി കെ (പി ടി എ പ്രസിഡന്റ് )
റഫീഖ് പി വി (ഹെഡ്മാസ്റ്റർ)
അലി അസ്ഗർ കെ വി (എസ് ഐ ടി സി)
പുഷ്പലത ഇ വി (സ്റ്റാഫ് സെക്രട്ടറി )
സിന്ധു എ വി (മുൻ കൈറ്റ് മിസ്ട്രസ്)
ജാഫർ അലി കെ വി (മുൻ കൈറ്റ് മാസ്റ്റർ)
സജിത വി (കൈറ്റ് മിസ്ട്രസ്)
ഉണ്ണികൃഷ്ണൻ എം കെ (കൈറ്റ് മാസ്റ്റർ)

# <u>പത്രാധിപസമിതി :</u>

ഭഗത് ടി പി

ഗോപീകൃഷ്ണൻ സി

മുഹമ്മദ് ഹർഷൻ

മനീഷ എ

റന ഫാത്തിമ കെ ജെ

അനഘ കെ വി

മുഖചിത്രം ,വര ,ചിത്രങ്ങൾ : സാരംഗ് എം

<u>ഫോട്ടോഗ്രഫി, ക്യാമറ : സാരംഗ് എം , അഭിജിത്ത് കെ എസ്</u>

**Special Thanks NAVANEETH P P**

# സന്ദേശം

**ഗോഖലെ ഗവ: ഹയർ സെക്കൻഡറി സ്കൂളിലെ ലിറ്റിൽ കൈറ്റ്സ് പ്രസിദ്ധീകരിക്കുന്ന "നീർ മാതളം" ഡിജിറ്റൽ മാഗസിന് എല്ലാവിധ ആശംസകൾ നേരുന്നു.**

പി കെ രാമകൃഷ്ണൻ

(PTA പ്രസിഡന്റ്)

---

ഗോഖലെ ഗവ : ഹയർ സെക്കണ്ടറി

എന്ന സ്ക്കൂളിൽ ലിറ്റിൽ കയിറ്റ്സ് അംഗങ്ങൾ

"നീർമാതളം"

എന്ന പേരിൽ ഒരു ഡിജിറ്റൽ മാസിക പുറത്തിറക്കുന്നു

എന്നറിയുന്നതിൽ അതിയായ സന്തോഷമുണ്ട്.

ക്ലബ്ബാഗങ്ങൾക്ക് എല്ലാവിധ ഭാവുകങ്ങളും നേരുന്നു.



***ഹെഡ്മാസ്റ്റർ.***



**ഗോഖലെയിൽ**
**ലിറ്റിൽകൈറ്റ്സ്**
**ഒരുക്കുന്ന ഡിജിറ്റൽ വിരു**
**ന്ന്**
**നിർമാതളത്തിന് എല്ലാ**
**ഭാവുകങ്ങളും.**
**ആശംസകളോടെ**

അലി അസ്ഗർ.കെ.വി.
SITC & ഡെപ്യൂട്ടി എച്ച് എം

---

**മികവിൽ നിന്ന് മികവിലേക്ക്**
**അനുദിനം**
**വളർന്നു കൊണ്ടിരിക്കുന്ന ഗോഖലെ**
**സ്ക്കൂളിലെ**
**കുട്ടികൾ തയ്യാറാക്കുന്ന ഡിജിറ്റൽ**
**മാഗസിന്,**
**ഒരായിരം ആശംസകൾ നേരുന്നു**



***പുഷ്പലത.ഇ.വി***

**ജി. ജി. എച്. എസ്. എസ് കല്ലടത്തൂർ,ലിറ്റിൽ കൈറ്റ്സ് പ്രസിദ്ധീകരിക്കുന്ന 'നീർമാതളം' ഡിജിറ്റൽ മാഗസിന് എല്ലാവിധ ആശംസകളും നേരുന്നു.**

ജാഫർ അലി

*ജെ. എസ്. ഐ. ടി. സി.*

---

*"निरमातलम" मागसीन को*

शुभकामनाएँ -

*सिन्धु.ए.वी.*

---

ജി. ജി. എച്ച്. എസ്. എസ് കല്ലടത്തൂർ



ലിറ്റിൽ കൈറ്റ്സ് കൂട്ടുകാർ 'നീർമാതളം' എന്ന പേരിൽ പ്രസിദ്ധീകരിക്കുന്ന ഡിജിറ്റൽ മാഗസിന് എല്ലാവിധ ആശംസകളും നേരുന്നു

*ആർഷ . ടി . പി . ( സ്കൂൾ ലീഡർ )*

# താളുകളിലൂടെ .....




- ആമുഖം
- ചരിത്ര വഴിയിലൂടെ

  ഗോഖലെ സ്കൂൾ .......................................................10
- കവിത

  വിശപ്പിന്റെ നിലവിളി..................................................17
- प्रकृतिसंरक्षणाय सस्यानां प्रसक्तिः..............................19
- കഥ

  മനസ്സിലൊരു മായാചിത്രമായ്...................................20
- Poem

  Flow of life........................................................22
- കവിത

  ഗാന്ധിവഴികൾ..........................................................23

- **കവിത**

  **ഹർഷം......................................................................24**

- **കവിത**

  **അമ്മ......................................................................25**

- ***J R C Report*......................................................26**

- **कूटियाटटम्.................................................................30**

- **കഥ**

  **ആമി മനസ്സിലാക്കിയത്..................................................32**

- **കവിത**

  **ഈ പ്രകൃതിയിൽ മനോഹാരിതമുണ്ടാകുമോ?..............34**

- **കവിത**

  **കാലം......................................................................35**

- **ഫോട്ടോ ഗാലറി.........................................................36**

# ചരിത്ര വഴയിലൂടെ ഗോഖലെ



നൂറ് വർഷങ്ങൾക്ക് മുമ്പ്, മലബാർ ഡിസ്ട്രിക്റ്റ് ബോർഡിന് കീഴിൽ, പഴയ പൊന്നാനി താലൂക്കിൽപ്പെട്ട ഇന്നത്തെ പാലക്കാട് ജില്ലയിൽ, മലപ്പുറം ജില്ലയോട് ചേർന്ന് കിടക്കുന്ന ഈ ഉൾനാടൻ പ്രദേശത്ത് വിദ്യാലയവും വിദ്യാഭ്യാസവും ഒരു വിദൂര സ്വപ്നമായിരുന്നു. ആ സ്വപ്നസാക്ഷാത്ക്കാരത്തിന് മുന്നിട്ടിറങ്ങിയവരും അതിന് വേണ്ട സഹായങ്ങൾ നൽകിയവരും നമ്മുടെ ഗ്രാമസംസ്കാരത്തിന്റെ ശിൽപികളാണെന്നു തന്നെ പറയാം.

ഒതളൂർ പടിഞ്ഞാറേപ്പാട്ട് തറവാട്ടിലെ ഉൽപ്പതിഷ്ണുക്കളായ മനുഷ്യസ്നേഹികളുടെ ശ്രമഫലമായി പടിഞ്ഞാറേപ്പാട്ട് സ്കൂൾ എന്ന പേരിൽ നമ്മുടെ വിദ്യാലയം പ്രവർത്തനം ആരംഭിച്ചത് 1914 ൽ ആയിരിക്കാം എന്നാണ് അനുമാനിക്കുന്നത്. അതിനു മുമ്പ് പടിഞ്ഞാറേപ്പാട്ട് തറവാടിന്റെ മേൽനോട്ടത്തിൽ നടത്തിയിരുന്ന നെയ്ത്തുശാലയോട് ചേർന്ന് പ്രവർത്തിച്ചിരുന്ന സംസ്കൃതപാഠശാലയാണ് കുടിപ്പള്ളിക്കൂടമായും പിന്നീട് പടിഞ്ഞാറേപ്പാട്ട് സ്കൂളായും മാറിയത്.

പടിഞ്ഞാറേപ്പാട്ട് ശ്രീ. കൃഷ്ണനുണ്ണി നമ്പ്യാർ, ശ്രീ. ടി.എൻ. രാമ്മുണ്ണിമേനോൻ, ശ്രീ. രാമവാര്യാർ എന്നിവരുടെ നേതൃത്വത്തിൽ ആണ് വിദ്യാലയം സ്ഥാപിതമായത് എന്ന നിഗമനത്തിലാണ് എത്തിച്ചേരാൻ കഴിയുന്നത്. ശ്രീ. കേളുക്കുട്ടിനായർ ആയിരുന്നു ഈ വിദ്യാലയത്തിലെ ആദ്യ പ്രധാനാധ്യാപകൻ.

നമുക്ക് ലഭ്യമായിട്ടുള്ള ആദ്യകാല പ്രവേശനരജിസ്റ്റർ പ്രകാരം 279–ാം അഡ്മിഷൻ നമ്പറിൽ 1913 നവംബർ

15–ാം തിയ്യതി കല്ലടത്തൂർ സ്വദേശിയായ ഒരു വിദ്യാർഥി പ്രവേശനം നേടിയതായി കാണുന്നു. 1914 ജനുവരി 30–ാം തിയ്യതി 284–ാം അഡ്മിഷൻ നമ്പറിൽ പാർവ്വതിക്കുട്ടി വാരസ്യാർ, D/O കുഞ്ഞുക്കുട്ടിവാരസ്യാർ, വാരിയത്ത്, കല്ലടത്തൂർ എന്ന വൃദ്യാർത്ഥിനിയുടെ പേരും വിലാസവും വ്യക്തമായി കാണുന്നു. എന്നാൽ വിദ്യാലയത്തിലെ ഒരു പഴയ കഴുക്കോലിൽ1914 എന്ന് ആലേഖനം ചെയ്തിരിക്കു ന്നതായും കാണാം. ലഭ്യമായ ഈ വസ്തുതകളിൽ നിന്നും വിദ്യാലയ പരിവേഷത്തിലേക്ക് കുടിപള്ളിക്കൂടം മാറിയത് 1913–1914 കാലഘട്ടത്തിലാണെന്നു വേണം അനു മാനിക്കാൻ.

ശിശുക്ലാസും ഒന്നാം ക്ലാസും കൂടി ഒരു ക്ലാസോടെയാണ് വിദ്യാലയപ്രവർത്തനം ആരംഭിച്ചത്. ഓരോ വർഷം കഴിയും തോറും ഓരോ ക്ലാസു വീതം കൂടിവരുന്ന രീതിയിലായിരുന്നു ക്രമീകരണം. പിന്നീട് പൊന്നാനി താലൂക്ക് കേന്ദ്രീകരിച്ച് പ്രവർത്തിച്ചിരുന്ന ആര്യസമാജം വിദ്യാലയത്തിന്റെ മേൽനോട്ടം ഏറ്റെടുത്തു. ഏകദേശം ഒരു വർഷം ആര്യസമാജത്തിനു കീഴിൽ വിദ്യാലയം പ്രവർത്തിച്ചു. ചില സാങ്കേതിക കാരണങ്ങളാൽ വിദ്യാലയത്തിന്റെ ഉടമസ്ഥത വീണ്ടും പടിഞ്ഞാറേപ്പാട്ട് തറവാട്ടിൽ നിക്ഷിപ്തമാകു കയാണ് ഉണ്ടായത്.

സ്കൂളിനു വേണ്ട എല്ലാ സഹായങ്ങളും ചെയ്തിരുന്ന പടിഞ്ഞാറേപ്പാട്ട് വീട്ടുകാർക്ക് പിന്നീട് സ്കൂൾ നടത്തികൊണ്ടുപോകാൻ കഴിയാത്ത സാഹചര്യം വന്നു ചേർന്നു. താലൂക്ക് ബോർഡ് പിരിച്ചു വിട്ടതോടെ ജില്ലാബോർഡ് നിലവിൽ വരുകയും വിദ്യാലയം ജില്ലാബോർഡിന് കീഴിൽ പ്രവർത്തിക്കുകയുംം ചെയ്തു.

പ്രമുഖസ്വാതന്ത്ര്യ സമരസേനാനിയും ഗാന്ധിജിയുടെ രാഷ്ട്രീയഗുരുവുമായിരുന്ന ശ്രീ. ഗോപാലകൃഷ്ണ ഗോഖലെ അക്കാലത്ത് എലിമെന്ററി വിദ്യാഭ്യാസ കൗൺസിലിലെ അംഗമായിരുന്നു. എലിമെന്ററി വിദ്യാഭ്യാസത്തിന്റെ വികസനാർത്ഥം ഈ സ്കൂൾ എലിമെന്ററി സ്കൂളായി ഉയർത്തപ്പെട്ടപ്പോൾ ഗോപാലകൃഷ്ണ ഗോഖലെ ഉദ്ഘാടനം ചെയ്യാനെത്തുമെന്ന് അറിയിച്ചിരു

ന്നു. പട്ടാമ്പി റെയിൽവേസ്റ്റേഷനിലേക്ക് അദ്ദേഹത്തെ സ്വീകരിക്കാൻ ചെന്നവർക്ക് കോയമ്പത്തൂരിൽ നിന്നുള്ള ഗോപാലകൃഷ്ണ ഗോഖലെയുടെ സന്ദേശം ലഭിച്ചു വെന്നാണ് പറയപ്പെടുന്നത്. വൈസ്രോയിയുടെ ഉത്തരവ് പ്രകാരം പെട്ടന്ന് മടങ്ങിപ്പോകേണ്ടതുകൊണ്ട് ഉദ്ഘാടനത്തിന് എത്താൻ കഴിയില്ല എന്നതായിരന്നു ആ സന്ദേശം. അങ്ങനെ അന്നത്തെ പ്രാദേശിക നേതാക്കളുടെ അഭിപ്രായപ്രകാരം സ്കൂളിന് ഗോഖലെ ഹിന്ദുബോർഡ് എലിമെന്ററി സ്കൂൾ എന്ന് നാമകരണം ചെയ്യപ്പെട്ടു.

1931 ൽ ഗോഖലെ ഹിന്ദുബോർഡ് എലിമെന്ററി സ്കൂൾ എന്ന പേരിലാണ് ഈ വിദ്യാലയം അറിയപ്പെട്ടിരുന്നത്. ഇതേ കാലയളവിൽ പടിഞ്ഞാറങ്ങാടിയിൽ ഒരു മാപ്പിള സ്കൂളും പ്രവർത്തിച്ചിരുന്നതായി പറയപ്പെടുന്നു. 1930 ൽ രണ്ടാതരത്തിൽ പഠിച്ചിരുന്ന താഴത്തേതിൽ ശ്രീ. അപ്പുണ്ണിമേനോൻ അദ്ദേഹത്തിന്റെ വിദ്യാലയകാലഘട്ടം ഇന്നും തെളിമയോടെ ഓർക്കുന്നു. മുപ്പതുകളിലെ സാമൂഹ്യ–സാംസ്കാരിക മേഖലയിലേക്ക് വെളിച്ചം വീശുന്ന ധാരാളം ഓർമ്മകൾ അദ്ദേഹം പങ്കുവെക്കുകയുണ്ടായി. T ആകൃതിയിലുള്ള കെട്ടിടത്തിലായിരുന്നു അന്ന് വിദ്യാലയം പ്രവർത്തിച്ചിരുന്നത്. ശിശുക്ലാസും അന്ന് ഉണ്ടായിരന്നു. നേരെ കയറി വരുന്ന ഭാഗത്ത് രണ്ടാം ക്ലാസ്സും ഇടതു ഭാഗത്ത് പ്രധാനാധ്യാപകന് എ.ഇ. ശങ്കരയ്യരുടെ മുറിയും വലതു ഭാഗത്ത് നാലാം ക്ലാസ്സുമാണ് പ്രവർത്തിച്ചിരുന്നത്. ഇന്നത്തെ C ആകൃതിയിലുള്ള കെട്ടിടം സ്ഥിതി ചെയ്യുന്ന സ്ഥലത്തായിരന്നു ആ പഴയ കെട്ടിടം നിലനിന്നിരുന്നത്.

ആൺകുട്ടികൾ ഓലക്കുടയും, പെൺക്കുട്ടികൾ തൊപ്പിക്കുടയും വിരലിലെണ്ണാവുന്നവർ ശീലക്കുടയും കൊണ്ടുവന്നിരുന്ന കാര്യവും അപ്പുണ്ണിമേനോൻ ഓർക്കുന്നു.ഒറ്റമുണ്ടുപോലുള്ള വസ്ത്രധാരണമായിരുന്നു അന്ന്. കുമരനെല്ലൂരിലെ രായിൻ എന്ന തുന്നൽക്കാരനും അദ്ദേഹത്തിന്റെ മകൻ ബാപ്പുട്ടിയും ചാപ്പൻനായർമാഷുടെ തുണിക്കടയും മാത്രമാണ് വസ്ത്രവുമായി ബന്ധപ്പെട്ട ആശ്രയകേന്ദ്രങ്ങൾ. ശ്രീ. എ. ഇ. ശങ്കരയ്യർ ആയിരന്നു ഹെഡ്മാസ്റ്റർ. അദ്ദേഹം അഞ്ചാംക്ലാസ്സും കൈകാര്യം ചെയ്

തിരുന്നു. ഒന്നാം തരത്തിലും രണ്ടാം തരത്തിലും ശ്രീ. പി.ടി. കുഞ്ചുഎഴുത്തച്ഛനും, നാലാംതരത്തിൽ ശീ. സി. പി. കൃഷ് ണന്നുണ്ണി നമ്പ്യാരും, മൂന്നാം തരത്തിൽ ശ്രീ. വേലുനായരും അന്നത്തെ അദ്ധ്യാപകരായിരുന്നു.രാവിലെ 11 മണി മുതൽ 4 മണിവരെയായിരന്നു വിദ്യാലയത്തിന്റെ പ്രവൃത്തി സമയം. നാലാംതരം വരെ വിദ്യാഭ്യാസം സൗജന്യമായിരുന്നു. അഞ്ചാംതരം മുതൽ ഫീസ് ഒടുക്കിയിരുന്നു. വർഷത്തിൽ ഡിസംബർ ജനുവരി മാസങ്ങളിൽ നടത്തിയിരുന്ന 'ആരോഗ്യവാരം' കുട്ടികൾക്ക് കലാകായികരംഗത്തെ മികവിനുള്ള അവസരമായിരന്നു. കന്നിക്കൊയ്ത്ത്, മകരക്കൊയ്ത്ത് എന്നീ കൊയ്ത്ത്കാലങ്ങളോട് അനുബന്ധിച്ചാണ് വിദ്യാലയത്തിന് അവധി നൽകിയിരുന്നത്.

നാലുമണിക്ക് ക്ലാസ് അവസാനിക്കുന്ന സമയത്ത് ബ്രിട്ടീഷ് രാജാവിനെ സ്തുതിച്ചുകൊണ്ട് ചൊല്ലിയിരുന്ന ഗാനം ശ്രീ. അപ്പുണ്ണിമേനോൻ ഇന്നും ഓർക്കുന്നു.

"വിക്രമാദിത്യ ഛത്രസന്നിഭൻ
മിത്രനൃത്തംനിർത്തിടാത്ത ധാത്രിപാലകൻ
ജയ ജയ രാജൻ ജയ ജയ രാജൻ
ജയജയാനുമോദമോടെ വാഴ്ക സന്തതം"

കൃഷിയും കൂലിപ്പണിയുമായിരുന്നു ജനങ്ങളുടെ പ്രധാന തൊഴിൽ. ഗതാഗതസൗകര്യങ്ങൾ വളരെ കുറവായിരുന്നതിനാൽ കച്ചവടരംഗം അത്ര പുഷ്ടിപ്രാപിച്ചിരുന്നില്ല. നിർധനരായ വിദ്യാർത്ഥികൾക്കുവേണ്ടി ഉച്ചയ്ക്ക് പടിഞ്ഞാറേപ്പാട്ട് തറവാടിന്റെ പടിക്കൽ കഞ്ഞിയും സംഭാരവും നൽകിയിരുന്നു.

വർഷത്തിലൊരിക്കൽ പടിഞ്ഞാറങ്ങാടിയിലേക്ക് വിദ്യാലയത്തിൽ നിന്നും ഘോഷയാത്ര സംഘടിപ്പിച്ചിരന്നു. അഞ്ചാംതരത്തിൽ പഠിക്കുന്ന സീനിയറായ ഒരു ആൺകുട്ടി ബ്രിട്ടീഷ് രാജ്ഞിയുടെ ഫോട്ടോയും കയ്യിലെടുത്ത് വാദ്യഘോഷങ്ങളുടെ അകമ്പടിയോടെയാണ് ഘോഷയാത്ര നടത്തിയിരുന്നത്. ഘോഷയാത്രക്കു ശേഷം വിദ്യാലയത്തിൽ പൊതുസമ്മേളനവും ഉണ്ടായിരുന്നു.

ദേശീയപ്രസ്ഥാനത്തിന്റെ ഭാഗമായി സ്വാതന്ത്ര്യസമരം കൊടുമ്പിരിക്കൊള്ളുന്ന സമയത്ത് ബ്രിട്ടീഷ് വിരോധം വളർത്തി

ദേശസ്നേഹം ഊട്ടിഉറപ്പിക്കാൻ അന്നത്തെ അധ്യാപകർ ശ്രമിച്ചിരുന്ന കാര്യവും അപ്പുണ്ണിമേനോൻ പങ്കുവെക്കുന്നു.

1943 സെപ്റ്റംബറിൽ മലബാർ ഡിസ്ട്രിക്റ്റ് ബോർഡ് അംഗമായിരുന്ന യശഃശ്ശരീരനായ ശ്രീ. എച്ചുണ്ണിനമ്പ്യാരുടെ പ്രവർത്തനഫലമായി വിദ്യാലയം മലബാർ ഡിസ്ട്രിക്റ്റ് ബോർഡ് ഏറ്റെടുക്കുകയും ഗോഖലെ ബോർഡ് ബോയ്സ് എലിമെന്ററി സ്കൂൾ ആയി മാറുകയും ചെയ്തു. 1949 ജൂലൈയിൽ ഗോഖലെ ബോർഡ് ഹിന്ദു ബോയ്സ് എലിമെന്ററി സ്കൂൾ ആയി മാറി. ഈ കാലഘട്ടത്തിൽ പഠിച്ചിരുന്ന ശ്രീ. ഗോവിന്ദൻ എഴുത്തച്ചന്റെ അഭിപ്രായത്തിൽ പത്ത് മണി മുതൽ നാല് മണിവരെയായിരുന്നു വിദ്യാലയത്തിന്റെ പ്രവൃത്തി സമയം. വർഷം തോറും ആരോഗ്യവാരം സംഘടിപ്പിച്ചിരുന്നു. ഒരു വർഷത്തിലെ പ്രവൃത്തി ദിവസം 220 ആയിരന്നു. അരക്കൊല്ലപരീക്ഷയും കൊല്ലപരീക്ഷയും നടത്തിയിരുന്നു. മുസ്ലീം സമുദായത്തിൽ നിന്നും വളരെ കുറച്ചുപേർ മാത്രമേ അക്കാലത്ത് സ്കൂളിൽ എത്തിയിരുന്നുള്ളൂ. ഉത്സവം,വാവ് എന്നിങ്ങനെ അവധി ദിവസങ്ങളും ഉണ്ടായിരുന്നു. ഈ കാലഘട്ടത്തിലും അഞ്ചാം തരം കഴിഞ്ഞാൽ ഉപരിപഠനത്തിന് കുമരനെല്ലൂർ സ്കൂൾ മാത്രമായിരുന്നു ഈ പ്രദേശത്തുക്കാരുടെ ഏക ആശ്രയം.

1959 ഒക്ടോബറിൽ ഗോഖലെ ബോർഡ് അപ്പർ പ്രൈമറി സ്കൂളായി (G B U P S) Upgrade ചെയ്തതോടുകൂടി തുടർപഠന സൗകര്യവും ഗോഖലെയ്ക്ക് ലഭ്യമായി. 1980–81 കാലഘട്ടം വിദ്യാലയത്തിന്റെ ചരിത്രത്തിലെ സുപ്രധാനമായ ഒരു അധ്യായമാണ്. യു.പി വിദ്യാലയമായിരുന്ന ഈ സ്ഥാപനം ഹൈ സ്കൂൾ ആയി ഉയർത്തുന്നതിനു വ്ണ്ട ശ്രമകരമായ ദൗത്യം ഏറ്റെടുത്ത വർഷമായിരുന്നു അത്. ഹൈസ്കൂൾ ആയി അപ്ഗ്രേഡ് ചെയ്യപ്പെടുന്ന യു.പി വിദ്യാലയങ്ങളുടെ ലിസ്റ്റിൽ നിന്നും നമ്മുടെ സ്ഥാപനം തഴയപ്പെട്ടതോടു കൂടി പി ടി എ യുടെ നാട്ടുക്കാരും അതൊരു വെല്ലുവിളിയായി സ്വീകരിച്ച് അപ്ഗ്രഡേഷ്നുവേണ്ട ശ്രമകരമായ ദൗത്യം ഏറ്റെടുത്തു. അന്നത്തെ കപ്പൂർ പഞ്ചായത്ത് പ്രസിഡന്റും ഇന്നതെ ആലത്തൂർ M.L.A–യുമായ ശ്രീ എം. ചന്ദ്രൻ ചെർമാനും ശ്രീ.ഗോവിന്ദനെഴുത്തച്ഛൻ, പൂർവ്വ

വിദ്യാർത്ഥി ശ്രീ. കൃഷ്ണൻ തുടങ്ങിയവർ അംഗങ്ങളുമായി ഒരു സമിതി രൂപികരിച്ച് പ്രവർത്തനങ്ങൾ ആരംഭിച്ചു . നമ്പാട്ട് തറവാട്ടിൽ നിന്ന് ഗ്രൗണ്ടിനുവേണ്ട സ്ഥലം ഏറ്റെടുത്തു. താൽക്കാലിക കെട്ടിടം ജനകീയക്കൂട്ടായ്മയുടെ ഭാഗമായി ഉയർന്നു. സമതിയുടെ നിശ്ചയ ദാർഢ്യത്തിന്റെയും ഇച്ഛാശക്തിയുടെയും ഫലമായി വെല്ലുവിളികളെ അതിജീവിച്ച് വിദ്യാലയത്തെ ഹൈസ്കൂൾ ആയി ഉയർത്തികൊണ്ടുള്ള ഉത്തരവ് നേടിയെടുക്കാൻ കഴിഞ്ഞു. കമ്മറ്റിയുടെ ചെയർമാൻ ശ്രീ ചന്ദ്രൻ അവർകളുടെ സ്തുത്യഹർവും ത്യാഗോജ്ജ്വലവുമായ സേവനത്തെ ഈ അവസരത്തിൽ പ്രത്യേകം സ്മരിക്കുന്നു. എങ്കിലും ഹൈസ്കൂളിന്റെ പ്രവർത്തനോദ്ഘാടനം ചില അഭിപ്രായവിത്യാസങ്ങളെ തുടരന്ന് വിദ്യാലയത്തിനു പുറത്തുവച്ചു നടത്തേണ്ടി വന്നു. 1984 ലിൽ ആദ്യ SSLC ബാച്ച് പഠനം പൂർത്തിയാക്കി പുറത്തിറങ്ങി എങ്കിലും 1985 ലാണ് ഈ വിദ്യാലയത്തിൽ പരീക്ഷാസെന്ററിന് അനുമതിയായത്. 2005 ൽ ഹയർ സെക്കണ്ടറി വിഭാഗം പ്രവർത്തനം ആരംഭിച്ച് ഗോഖലെ ഗവ: ഹയർസെക്കണ്ടറി സ്ക്കൂൾ കുമരനെല്ലൂർ ആയിമാറി. PTA യുടെയും നാട്ടുക്കാരുടെയും ആവശ്യപ്രകാരം 2013 ൽ ഗോഖലെ ഗവ: ഹയർസെക്കണ്ടറി സ്ക്കൂൾ കല്ലടത്തൂർ, ഒതഴൂർ പി.ഒ. എന്ന് വിദ്യാലയത്തിന്റെ പേരുമാറ്റി ഉത്തരവായി. കലാകായികരംഗത്തും പ്രവർത്തിപരിചയമേളയിലും സംസ്ഥാനതലത്തിലും ദക്ഷിണേന്ത്യൻ തലത്തിലും ഉയർന്ന സ്ഥാനം നമ്മുടെ വിദ്യാലയം കരസ്ഥമാക്കിയിട്ടുണ്ട്. 1996 ൽ നടന്ന ദക്ഷിണേന്ത്യൻ ശാസ്ത്രമേളയിൽ ഈ വിദ്യാലയത്തിലെ രണ്ട് കുട്ടികൾ സമ്മാനാർഹരായി. കലാമേളയിലും പ്രവർത്തിപരിചയമേളയിലും കഴിഞ്ഞ ഏതാനും വർഷങ്ങളായി ഈ വിദ്യാലയം സ്ഥാനം ഉറപ്പാക്കുന്നുണ്ട് അക്കദമിരംഗത്തും ഉയർന്ന നിലവാരം പുലർത്തുന്ന നമ്മുടെ വിദ്യാലയം 2019 ലെ SSLC പരീക്ഷയ്ക്ക് 100% വിജയത്തേട്ടുക്കുടി ശതാബ്ദിയുടെ തിളക്കം വർദ്ധിപ്പിച്ചിരിക്കുകയാണ്. സംഗീതത്തിനും നൃത്തത്തിനും കരാട്ടെയ്ക്കും ഇന്ന് ഗോഖലെയിൽ ക്ലാസ്സുകൾ ലഭ്യമാണ്.

വളർച്ചയുടെ ആദ്യഘട്ടത്തിൽ നാട്ടുകാരുടെ ശ്രമഫലമായി നിർമ്മിച്ച കെട്ടിടങ്ങൾ സർക്കാറിനു വിട്ടു കൊടുത്താണ് വിദ്യാലയപ്രവർത്തനങ്ങൾ നടത്തിയിരുന്നത് എന്നതും ഈ അവസരത്തിൽ സ്മർത്തവ്യമാണ്.

സാമൂഹ്യ പ്രതിബദ്ധതയുള്ള  മനുഷ്യസ്നേഹികൾ സ്വന്തം ദേശത്തിന്റെ വിദ്യാഭ്യാസ കാര്യത്തിൽ നടത്തിയ ദീർഘവീക്ഷണം പുതിയതലമുറയ്ക്ക് അനുഭവിക്കാൻ അവസരം ഉണ്ടായി എന്നതിൽ നാം എത്ര ഭാഗ്യവാന്മാരാണ്.

നമ്മുടെ ദേശത്തിന്റെ സാംസ്കാരികയും സാമൂഹികവുമായ പുരോഗതി ഈ ദീർഘവീക്ഷണത്തിന്റെ  സംഭാവനയാണ്. ആയിരങ്ങളെ രാജ്യത്തിന് സമ്പത്തായി സമർപ്പിച്ച ഈ വിദ്യാദാത്രിയുടെ ശതാബ്ദി ആഘോഷം നമ്മുടെ സംസ്കാരത്തിന്റെ  ഭാഗം തന്നെയാണ്. പൊതു ഇടങ്ങൾ നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്ന വർത്തമാനകാലത്ത് തലമുറകൾക്ക് അറിവേകി ദേശത്തിന്റെ വെളിച്ചമായി വിരാജിക്കുന്ന നമ്മുടെ മാതൃവിദ്യാലയത്തിന്റെ ശതാബ്ദിയിൽ അതിന്റെ ഭാഗമാകാൻ കഴിഞ്ഞു എന്നതിന് നമുക്ക് അഭിമാനിക്കാം.

കവിത

# വിശപ്പിന്റെ നിലവിളി

മനുഷ്യാ നീ ഓർക്കുന്നുവോ
കാലത്തിനു  മറക്കാൻ കഴിയാത്ത
ആ  വിശപ്പിൻ്റെ രോദനം
വിശപ്പാണവനെ ജീവിപ്പിച്ചിത്
ആ വിശപ്പുതന്നെ കൊല്ലിച്ചതും
       പെറ്റമ്മയുടെ  മാറുപിളർന്നു
രക്തം  കുടിക്കും മനുഷ്യാ നീ...
മറക്കരുതാ  വിശപ്പിൻ്റെ രോദനം
കള്ളനെന്നു  മുദ്രകുത്തി കുരിശിലേറ്റുമ്പോൾ
മനുഷ്യാ നീയറിഞ്ഞില്ലയോ ആ വിശപ്പിന്റെ–
രോദനം...
       തെറ്റുചെയ്തവൻ ശിക്ഷിക്കപ്പെടുമൊരിക്കൽ
പക്ഷെ ആ തെറ്റിൽ ശരി കാണുമ്പോൾ
മനുഷ്യാ നീ ഓർക്കുക ഒരു തെറ്റും  തെറ്റാകു–
ന്നില്ല
വയറിന്റെ നിലവിളി മാറ്റാൻ ചെയ്ത തെറ്റ്–
തെറ്റാകണമെന്കിൽ   മനുഷ്യാ നീ ഓർക്കുക
     നീയുൾപ്പെടുന്ന ഈ സമൂഹം

എത്രയോ തവണമരിച്ചജീവിക്കുമായി-
രുന്നുവെന്ന്
സഹോദരാ.......
നീ മാപ്പു നൽകു.......
ഞാനുൾപ്പടുന്ന ഈ സമൂഹത്തിനായി
നീ മരിക്കുന്നില്ല
നിന്റെ വിശപ്പറിഞ്ഞ ഞങ്ങളിലൂടെ

നീ ജീവിക്കും നിന്നെ കൊല്ലിച്ച നരികളായ- നരൻ
മാർ
പെറ്റനോവിൻ വിലയറിയാത്ത മൃഗങ്ങൾ
ഒരുനാൾ ശിക്ഷിക്കപ്പെടുകയും ഒരേ- കോടതിയിൽ
വിശപ്പിൻ്റെ നിലവിളി കേൾക്കാതെ
പോയതിനുള്ള ശിക്ഷ.



**ഹരിപ്രിയ.ഇ.എച്ച്**

# प्रकृतिसंरक्षणाय सस्यानां प्रसक्तिः

## आमुखम्

**दशकूपसमॊ वापि दशावापिसमॊ हृदः|**
**दशहृदसमः पूत्रॊ दशपूत्रसमॊ द्रुमः ||**

ऋग्वॆदं शतपथब्राहणॆ तैतिरीयसंहितायां च भारतीय सस्यविज़ानस्य प्राग्रूप दृश्यतॆ| महाभारतॆ शन्तिपरवाणि , सस्यानि मानवा इव सूखदुःखान्यनुभवानि इति प्रस्तूतम्| सस्यविज़ानमधिकृत्य विरचितॆषु ग्रन्थॆषु सुरपालस्य "वृक्षायुर . वॆदः" प्रसिद्धः अस्ति| त्रयॊदशाध्यायैः सम्पन्नॆ अस्मिन् ग्रन्थॆः तरूमहिमा, भूमिनिरूपणम् बीजसंरक्षणविधिः सस्यानां पॊषणं रॊगचिकित्सादयः च पृथक् पृथक् विशदीक्रियन्तॆ||



*पवित्रा . पि. वि*

# മനസ്സിലൊരു മായാചിത്രമായ്......

മഞ്ഞ്! നോക്കത്താ ദൂരത്തോളം ആകാശത്തെ വെണ് മേഘങ്ങൾ പോലെ മഞ്ഞിന്റെ വെള്ള പുതപ്പ് .പച്ച  ചുറ്റിയ മരങ്ങളിൽ പുൽനാമ്പുകളിൽ അലസമായി തൂങ്ങിയാടുന്ന മഞ്ഞു തു ള്ളി.മരങ്ങൾക്കിടയിലൂടെ സൂര്യകിരണങ്ങൾ വന്നെത്തി നോക്കുമ്പോൾ മഞ്ഞു തുള്ളിയുടെ ആ സൗരഭ്യം ഒന്നുവേറെ തന്നെയാണ്.  സൂ ര്യകിരണങ്ങളേറ്റ് അവ വജ്രക്കല്ലുകൾ പോലെ തിളങ്ങു ന്നു. പതുക്കെ, മഞ്ഞിന്റെ വെള്ളപുതപ്പിനടിയിലൂടെ മരക്കൂട്ടങ്ങളുടെ ദ്രശ്യം പ്രത്യക്ഷപ്പെടുന്നു .എന്നാലും കഠോരമായ തണുപ്പിന് ശമനമില്ല . പുതപ്പിനടിയിൽ ചുരുണ്ടുകൂടിയിരുന്നാലും തണുത്ത വെള്ളത്തിൽ ഇറങ്ങി കിടക്കുന്ന പ്രതീതി രാവിലെയുള്ള ചൂടു കാപ്പി നാവിനെ പൊള്ളിച്ചാലും കിടുകിടാ വിറക്കുന്നുണ്ടാവും രാവിലെ കിളികളുട സംഗീതവും നുകർന്ന്, കാട്ടിലൂടെ പോകുന്ന കരിയികൾ മൂടിയ ഒറ്റയടി പാതയിലൂടെ നടക്കുവാൻ എന്തൊരു സുഖമാണ്  കളകളം പാടിയൊഴുകുന്ന തെളിനീരരുവി .അതിനരികിലെ വൃക്ഷത്തിൽ ഒരു നീല പൊന്മാൻ  ചാട്ടുളിയെറിയുന്ന വേഗതയിൽ വെള്ളത്തിലേക്ക് കുതിച്ച് തിരികെ മരക്കൊമ്പിൽ ചെന്നിരിക്കുന്നുഎന്തോ

കൈക്കലാക്കിയ മട്ടുണ്ട്. പിന്നെ നൃത്തം ചെയ്യുന്ന മയിൽ, മരങ്ങൾക്കിടയിലൂടെ ഓടിക്കളിക്കുന്ന മാനുകൾ ,മലയണ്ണാൻ അങ്ങനെയങ്ങനെ..... നെല്ലി മരത്തിനു താഴെ വീണുകിടക്കുന്ന നെല്ലിക്ക പെറുക്കി,യാത്ര പറഞ്ഞ് വളഞ്ഞു പുളഞ്ഞു കിടക്കുന്ന റോഡുകളിലൂടെ പോകുമ്പോഴും  മനസ്സിലൊരു മായാചിത്രമായ് 'പറമ്പിക്കുളം'.......

റെനഫാത്തിമ .കെ.ജെ .



# FLOW OF LIFE

*MY LIFE IS FLOWING AS A RIVER*
*AND IT WISHES TO FLOW SO FAST*
*DREAMING TO REACH THAT BIG WIDE SEA.*

*BUT IT'S AN ADVENTURE TO FLOW*
*THROUGH THOSE ROADS OF ROCKS & THORNS*
*AND SEVERE SUMMER TRIED TO BREAK MY DREAM*
*BY SUCKING ALL DROPS OF LIFE*

*EVEN THOUGH I WILL LIVE AGAIN*
*MY REBIRTH IS THROUGH RAIN*
*I KNOW NOTHING CAN BREAK MY DREAMS*

*AND ONCE IT CAN COME THROUGH*
*I KNOW ONCE I WILL BE FREE TO*
*THE SEA.....*



BY

ASHIAH JINAN

# ഗാന്ധിവഴികൾ

തന്ത്ര്യത്തിൻ പാതയിൽചീന്തിയചോരകൾ
അഹിംസയിൽ മയ്ച്ച മഹാത്മാവേ....
സത്ത്യത്തിൻ നേർപാതയിൽ വീഴ്ത്തിയ
പാടുകൾ  പാഠങ്ങളാക്കിയ മഹാത്മാവേ....
ഓരു നാൾ ഇരുളടഞ്ഞ വഴികളിൽ
പ്രകാശമേകിയ മഹാത്മാവേ....
അകലെയകന്ന കണ്ണികൾ തമ്മിൽ
ചേർത്തിണക്കിയ മഹാത്മാവേ....
സത്യത്തിൻ വഴിയിൽ സ്വജീവിതം ധന്യമാക്കിയ
മഹാത്മാവേ....
ഇന്നും ആ സ്മരണയിൽ  നന്ദിയോടെ

വാഴ്ത്തുന്നു ഞങ്ങൾ....



ആയിഷ നിബില .പി

കവിത

# ഹർഷം

എന്നിലെന്നും എൻ
ജീവിതയാത്രയിൽ
തോഴിയായൊന്നു നീയെത്തിയെങ്കിൽ...
എൻ സ്പന്ദനത്തിനൊപ്പം
മിടിക്കുന്നതായ് നിന്നെ
സ്വന്തമാക്കീടുവാൻ കഴിയുമെങ്കിൽ...
എന്നും രാവിൽ എൻ
നിദ്രയെ തഴുകിയുണർത്തുന്ന
തൂവലായ് മാറിയെങ്കിൽ... വിഷാദമാം
കാർമേഘപ്പടി –
കൾ മൂടുപടം പോലെ
നിന്നെ മറയ്ക്കുന്നുവോ...
അതിനു മീതെ നിൻ
ആദിത്ത്യരശ്മികൾ എൻ ഹൃ
ദയത്തെയൊന്നു സ്പർശിച്ചു –
വെങ്കിൽ ഉലകത്തിലെറ്റവും
ആനന്ദപൂരിത ജീവിതം
ഞാൻ സ്വായത്തമാക്കിയേനേ...



ആഷിയ ജിനാൻ
10.D

# അമ്മ

കള്ളമില്ലാ മനസ്സാണമ്മക്ക്
സ്നേഹത്തിൻ ഉമ്മകൾതന്നു
വളർത്തി എന്നെ
കാലൊന്നവഴുതിയാൽ
ഓടിയെത്തുമെന്നമ്മ
തെറ്റുകളിലേക്ക് പോകുമ്പോൾ
രക്ഷിക്കുമെന്നമ്മ എപ്പോഴും
നന്മ വരുത്തുമെന്നമ്മ

ഓർക്കുക: വീട്ടിൽ നിന്നും ഇറക്കിവിടുമ്പോൾ സ്നഹത്തിൻ പൊൻമുത്തുകൾ നിറഞ്ഞ പൊൻ കുടത്തെയാണെറിഞ്ഞുടച്ചതെന്ന്......

*റെന ഫാത്തിമ.കെ.ജെ*

# JRC Report



## Aug- 06

ഹിരോഷിമാ ദിനം JRC വളണ്ടിയർമാരും, സാമൂഹ്യശാസ്ത്ര ക്ലബംഗങ്ങളും കൂടി പ്ലക്കാർഡ് നിർമ്മിച്ച് സ്കൂളിൽ റാലി നടത്തി. മഴ പെയ്യുന്നുണ്ടായിരുന്നെങ്കിലും അത് വകവെയ്ക്കാതെ യുദ്ധ വിരുദ്ധ സന്ദേശങ്ങൾ സ്കൂളിലെ മറ്റു വിദ്യാർത്ഥികൾക്ക് പകർന്നു കൊടുക്കാനായി ഒരുമിച്ചു. സഹായത്തിനായി അധ്യാപകരും ഉണ്ടായിരുന്നു.

ബാധിതർക്കുള്ള പണവും മറ്റു സാധനങ്ങളും ശേഖരിക്കൽ- JRC വളണ്ടിയർമാരും അധ്യാപകരും ചേർന്ന് പടിഞ്ഞാറങ്ങാടിയിലെ സ്ഥാപനങ്ങളിൽ നിന്ന് വീട്ടുപകരണങ്ങും, പാക്ക് ചെയ്ത ഭക്ഷണപദാർത്ഥങ്ങളും, പണവും മറ്റും ശേഖരിച്ചു. കൂടാതെ സ്കൂളിലെ സകല വിദ്യാർത്ഥികളും, അധ്യാപകരും വസ്തുക്കളും പണവും നൽകി. പിരിവിലൂടെ 16000 രൂപയും അവശ്യവസ്തുക്കളും ലഭിച്ചു. എല്ലാവരിൽനിന്നും മികച്ച പ്രതികരണമാണ് ലഭിച്ചത്.

## Aug- 10

JRC യൂണിറ്റിന്റെ ഉദ്ഘാടനവും വിജയോത്സവവും- അന്ന് ഗോഖലെ ഗവ.ഹയർസെക്കന്ററി സ്കൂളിലെ ആദ്യ JRC യൂണിറ്റിന്റെ ഉദ്ഘാടനവും, സ്ക്കുളിലെ പഠനമേഖലകളിൽ വിജയം കരസ്ഥമാക്കിയ വിദ്യാർത്ഥികളെ അനുമോദിക്കൽ ചടങ്ങും നടത്തി.

# Aug- 14

പ്രളയാനന്തരം ദുരിത ബാധിതർക്കുള്ള പണവും മറ്റു സാധനങ്ങളും ശേഖരിക്കൽ- JRC വളണ്ടിയർമാരും അധ്യാപകരും ചേർന്ന് പടിഞ്ഞാറങ്ങാടിയിലെ സ്ഥാപനങ്ങളിൽ നിന്ന് വീട്ടു പകരണങ്ങളും, പാക്ക് ചെയ്ത ഭക്ഷണപദാർത്ഥങ്ങളും, പണവും മറ്റും ശേഖരിച്ചു. കൂടാതെ സ്കൂളിലെ സകല വിദ്യാർത്ഥികളും, അധ്യാപകരും വസ്തുക്കളും പണവും നൽകി. പിരിവിലൂടെ 16000 രൂപയും അവശ്യവസ്തുക്കളും ലഭിച്ചു. എല്ലാവരിൽനിന്നും മികച്ച പ്രതികരണമാണ് ലഭിച്ചത്.

# Aug- 15

സ്വാതന്ത്ര്യദിനവും ദുരിതാശ്വാസക്യാമ്പിലേക്കുള്ള വസ്തുക്കൾ കൊടുത്തയക്കൽ- കൃത്യം 8:30 ന് പ്രിൻസിപ്പൽ പതാക ഉയർത്തി. 10 മണിക്ക് ശേഷം ദുരിതാശ്വാസക്യാമ്പിലേക്കുള്ള (കവളപ്പാറ-നിലമ്പൂർ) സാധനങ്ങൾ വണ്ടിയിൽ കയറ്റി അയച്ചു. കുറച്ച് അധ്യാപകരും കൂടെ പോയി.

# Sep- 5

അധ്യാപകദിനം- എല്ലാ JRC വളണ്ടിയർമാരും ചേർന്ന് പ്രീ പ്രൈമറി മുതൽ ഹൈസ്ക്കൂൾ വരെയുള്ള എല്ലാ അധ്യാപകർക്കും, ഓഫീസ് അധികൃതർക്കും, ഹെഡ്മാസ്റ്റർക്കും, പ്രിൻസിപ്പൽ തുടങ്ങിയവർക്കും JRC വളണ്ടിയർമാരാൽ നിർമ്മിതമായ ആശംസാകാർഡുകളും നമ്മുടെ പരിസരങ്ങളിൽ നിന്ന് ലഭ്യമായ പൂക്കളും ഇലകളും കൊണ്ട് നിർമ്മിച്ച പൂച്ചെണ്ടുകളും സമ്മാനിച്ചു.

# Sep– 28, 29

കായികോത്സവം– JRC വളണ്ടിയർമാരുടെ ഏറ്റവും ശ്രമകരമായ ദൗത്യം ആയിരുന്നു സ്കൂളിലെ 2019–20 അധ്യയനവർഷത്തിലെ കായികോത്സവം. എല്ലാ JRC വളണ്ടിയർമാരും മറ്റു വിദ്യാർത്ഥി വളണ്ടിയർമാരും അധ്യാപകരും മികച്ച സേവനം തന്നെ കാഴ്ചവെച്ചു.

# Oct– 3, 4

സ്കൂൾ കലോത്സവം– JRC വളണ്ടിയർമാരെ സംബന്ധിച്ച് ഏറ്റവും മികച്ച രണ്ടാമത്തെ സേവനമായിരുന്നു സ്കൂൾ കലോത്സവം. വിവിധ മേഖലകളിലായി എല്ലാ വളണ്ടിയർമാരും മികച്ച സേവനവും കലോത്സവത്തിലെ മികവുറ്റ പങ്കാളിത്തവും കാഴ്ച്ചവെച്ചു.


# Oct– 10,11

സബ്ജില്ലാ ശാസ്ത്രോത്സവം, ഗണിതോത്സവം, ഐ ടി മേള എന്നിവ– ഗോഖലെ സ്കൂളിന്റെ ചരിത്രത്തിൽ ആദ്യമായി സബ്ജില്ലാ മേളകൾ അരങ്ങേറി. തൃത്താല ഉപജില്ലയിലെ എല്ലാ സ്കൂളുകളും രണ്ട ു ദിവസങ്ങളിലായി നമ്മുടെ വിദ്യാലയത്തിൽ നടന്ന മേളകളിൽ പങ്കെടുത്തു. മികച്ച ഭക്ഷണവും, നമ്മുടെ വിദ്യാലയത്തിനാവുന്ന വിധത്തിൽ സൗകര്യങ്ങളും ഏർപ്പെടുത്തി. JRC വളണ്ടിയർമാരുൾ പ്പടെയുള്ള എല്ലാ വളണ്ടിയർമാരുടെ സേവനത്തിലും, സ്കൂളിലെ മറ്റു സൗകര്യങ്ങളിലും എല്ലാവരും സംതൃപ്തരായി മടങ്ങി.

# Nov–14


ശിശുദിനം– JRC വളണ്ടിയേഴ്സിന്റെ അഭിമുഖ്യത്തിൽ ജവഹർ ലാൽ നെഹ്റുവിന്റെയും ഗാന്ധിജിയുടെയും വേഷത്തിൽ കുട്ടികൾ തന്നെ അണിഞ്ഞൊരുങ്ങി സ്കൂളിൽ ജാഥ നടത്തി.

# कूटियाटटम्



अधुना लॉके परिलसत संसकृतदृशयकलारुपं भवति कूटियाटटम् |एतत् कॅरलीयसस्कृतरूपकाभिनयः भवति |वाध्य- सङ्गीत- नृत्त- अभिनयानां समन्वय ऐॅवास्य विशॅषिता आङ्गिक- वाचिक- सात्विक- आहार्यरूपः चतुरविधाभिनयाः अस्मिन् प्रयुज्यन्तॅ |


अस्या पौराणिकता साहित्यसम्पुष्टता च निरीक्ष्य युनॅस्कॉ संस्थया 2006 तमॅ वरषॅ विश्वपैतृककलारूपॅण समादृतमिदं कलारूपम् |



पूर्वरङ्गक्रिया, सूत्रधारप्रवॅशः, कथापात्रप्रवॅशः, निर्वहणं, सरूपकावतरणं, भरतवाक्यं,मुटियक्कित्ता इत्यॅवमभिनयक्रमाः अस्मिन् विध्यन्तॅ |मिऴाव्, इटक्का, कषित्तालं, शंखः, कुरुङ्कुषल्

इत्यॆतानि वाध्यॊपकरणानि अप्युपयुज्यन्तॆ|

केरलकलामण्डलॆ तथा कॆन्द्रीय संङगीतनाडक अक्कादमीद्वारा अंङगीकृतॆषु अष्टसु कॆन्द्रॆषु च कूटियाटट्पठनाय अवसरां वर्तन्तॆ|



गॊपिकृष्णः

9- A

**കഥ**

# ആമി മനസിലാക്കിയത്

ആമി സ്ക്കൂൾ ബസ്സിൽ നിന്ന് ഇറങ്ങി വന്നു. "അമ്മേ എന്തെങ്കിലും കഴിക്കാൻ ഉണ്ടോ" ഇല്ല മോളെ കുളിച്ചുവരുമ്പോഴേക്കും ഉണ്ടാക്കാം. കുളിച്ചു വന്നു ആമി ഭക്ഷണം കഴിച്ചു. ഹോംവർക്ക് ചെയ്ത് പഠിക്കാനിരുന്നു. അമ്മ ടി വി വെച്ചു കുറച്ചുനേരം വാർത്തവെക്കാമെന്ന് കരുതി. അമ്മ വാർത്തവെച്ചപ്പോൾ തിരുവനന്തപുരത്ത് ശക്തമായ ഇടിയും അതു പോലെതന്നെ മഴയും. അമ്മയ്ക്ക് ഭയം തോന്നി ആമിയോട് പറഞ്ഞു മോളെ സൂക്ഷിക്കണം... എന്തിന്? "എന്തിനെന്നോ എപ്പോഴാ ഇവിടേക്ക് വരുന്നതെന്ന് പറയാൻ പറ്റില്ല". അമ്മ ഭഗവാനെ ഒരാപത്തും വരുത്തല്ലേയെന്ന് പ്രാർത്ഥിച്ചു. എന്തിനാ അമ്മേ ഇങ്ങോട്ടൊന്നും വരില്ല. അത് നമ്മളല്ല പ്രവചിക്കുന്നത് മോളേ ഭഗവാൻ തീരുമാനിക്കുന്നതാണ് എന്നൊന്നും നമുക്ക് പറയാനും കഴിയില്ല കാരണം, നമ്മൾ
കുഴിക്കുന്നു നമ്മൾ തന്നെ വീഴും എന്ന് കേട്ടിട്ടില്ലേ അതുപോലെ പ്രകൃതിയ്ക്ക് നാശമായി മനുഷ്യർ ചെയ്യുമ്പോൾ അവസാനം പ്രകൃതി തിരിച്ചടിക്കുന്നു. അപ്പോൾ നമ്മൾ അവർക്കും നമുക്കും ഒന്നും വരുത്തല്ലേ എന്ന് ഭഗവാനോട് പ്രാർത്ഥിക്കാം.

പിറ്റേന്ന് ആമി സ്ക്കൂളിൽ പോയി. ടീച്ചർ പറഞ്ഞു പലയിടങ്ങളിലും വെള്ളപ്പൊക്കം വന്ന് വീടുകൾ നശിച്ചിരിക്കുകയാണ്. നിങ്ങൾ സഹായിക്കാൻ പറ്റുന്ന തുക നൽകി അവരെ സഹായിക്കുക. സ്ക്കൂൾ വിട്ട് ആമി വീട്ടിലേക്ക് വന്നു. അമ്മയോട് കാര്യം പറഞ്ഞു. അമ്മ 250 രൂപ കൊടുത്തു. ആമി വാങ്ങിയില്ല

അതൊന്നും വേണ്ടാ അമ്മേ അങ്ങനെ പറയരുത് മോളെ. ആ ദുരന്തം നമുക്കാണെങ്കിൽ എന്തു ചെയ്യും അതാ ഞാൻ തന്നത്. ഇത് കൊണ്ടുപോവുക മോളെ ശരി അമ്മേ ഞാൻ ഇപ്പഴാ മനസിലാക്കിയത് എനിക്ക് അറിയില്ലായിരുന്നു അമ്മ എന്നോട് ക്ഷമിക്കണം എനിക്ക് ഇപ്പോൾ മനസ്സിലായി.

അർച്ചന ഇ വി
൯ E



**കവിത**

# ഈ പ്രകൃതിയിൽ മനോഹാരിതമുണ്ടാകുമോ?

ഒരു കിളിയുടെ കൂട് തകർത്തവർ
ഒരിക്കലും നന്മയുള്ളവരല്ല
ഒരു മരം വെട്ടുന്നവർ
ഒരിക്കലും നല്ലവനല്ല
പ്രകൃതിയിൽ നാശം വിതക്കുന്നവർ
ഗുണമുള്ളവരല്ല
പ്രപഞ്ചത്തിൻ മനോഹാരിത
നിറക്കുന്നവരാരോ അവരാണ്
ഈ ഭൂമിയിലെ ഏറ്റവും മികച്ചവർ
ഈ പ്രകൃതിയിൽ തണലാകുന്ന-
വരാണ് സത്യസന്തർ
ഈ പ്രകൃതിയിൽ
മനോഹാരിതമുണ്ടാകുമോ?



അർച്ചന ഐ വി
9.E

# കാലം

മേയുന്ന കാലികൾകുന്നിൻ
ചെരുവിലൂടോടികളിക്കുന്ന
കുട്ടികളും !
കുന്നിൻ മുകളിലെഞങ്ങൾ
തൻ മൈതാന മിന്നുമെൻ
ഓർമ്മയിൽമിന്നിനിൽപ്പു!
തഴത്തെചോലയിൽനിന്നും
തെളിനീരുമോന്തിക്കുടിക്കുന്നകുട്ടികളും!

മേയുന്നകാലികൾദാഹം
ശമിപ്പിക്കാൻ ഓടിയെത്തുന്നതും  ഓർക്കുന്നുഞാൻ
ഇന്നു ഞാൻ കാണുന്ന കുന്നിൻമുകളിലെ
ഭീകരശബ്ദവും  യന്ത്രങ്ങളും
മണ്ണുമായ്പായുന്ന ഭ്രാന്തമായ് വണ്ടികൾ
നാശം വിതയ്ക്കും സുനാമിപ്പോലെ
ചോലയും ചാലുമാതെളിനീരു  മൊന്നിനി
കാണുകയിലെന്നുകേഴുന്നുഞാൻ
ഇന്നലെയുള്ളവർ നാളേക്കുവെച്ചോരു
വിത്തെടുത്താണിന്നു കുത്തുന്നത്!
വിത്തെടുത്തുണ്ണാൻ തുടങ്ങിയാലോർക്കണം
നാളേക്കുനാമെന്തുമാറ്റിവെയ്ക്കും!

അനഘ.കെ.വി



# ഫോട്ടോ ഗാലറി




അക്കാദമിക മികവ്, വിദ്യാലയ മികവ്
ഒന്നാം ക്ലാസ് മുതൽ പന്ത്രണ്ടാം ക്ലാസ് വരെ
സ്കൂൾ
പ്രവേശനോത്സവം
2019-20
2019 ജൂൺ 3
സമഗ്ര ശിക്ഷാ, കേരളം






ആരോഗ്യ ജാഗ്രത
2019
കരുതൽ വേണം
























LPCM 1


SAY NO
TO PLASTIC


KMK
ENGINEER ROAD
വോയ്സ് ഓഫ് ഗോഖലെ
സ്കൂൾ റേഡിയോ
THE VOICE OF GOKHALE
സമർപ്പണം
2020 ജനു. 1
ബുധൻ





# Thanks